(Pages : 4) **N – 2397**

Reg. No. : ..............................

Name : ..................................

## Third Semester B.A. Degree Examination, March 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Foundation Course II

## ML 1321 : INFORMATICS

## ആധുനിക സാങ്കേതികവിദ്യയും മലയാളഭാഷാപഠനവും

## (2019 & 2020 Admission)

gcwcentrallibrary.in

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ ഒറ്റ വാചകത്തിലോ ഉത്തരമെഴുതുക.

1. WWW എന്നതിന്റെ പൂർണ്ണരൂപമെന്ത്?

2. മലയാള ലിപി അച്ചുവാർത്ത് അച്ചടിച്ച ആദ്യ സമ്പൂർണ്ണ മലയാള പുസ്തകം ഏത് ?

3. മലയാളം വിക്കിപീഡിയക്ക് തുടക്കമിട്ട വർഷം.

4. സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിച്ചതാര് ?

5. സച്ചിദാനന്ദൻ എഡിറ്റു ചെയ്ത ബ്ലോഗുകവിതാസമാഹാരമേതാണ്?

6. 'ഭാവനാതീതം : മലയാളത്തിലെ സൈബർ കഥകൾ' എന്ന കൃതി എഡിറ്റ് ചെയ്തതാര് ?

P.T.O.

7. ഇന്ത്യൻഭാഷകൾക്കായി ആസ്കി എൻകോഡിംഗിന്റെ മാതൃക പിന്തുടർന്ന് നിർമ്മിക്കപ്പെട്ട എൻകോഡിംഗ് സിസ്റ്റം.

8. ഫേസ്ബുക്കിന്റെ സ്ഥാപകൻ ആര് ?

9. കവിതയ്ക്കുവേണ്ടി മാത്രമായി തയ്യാറാക്കിയ മലയാളത്തിലെ ആദ്യ വെബ്സൈറ്റ് ഏത് ?

10. 'ഗൂഗോളവത്കരണം' എന്ന കൃതി രചിച്ചത്.

**(10 × 1 = 10 Marks)**

II. **ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. സ്വതന്ത്ര സോഫ്റ്റ്വെയർ മുന്നോട്ടുവയ്ക്കുന്ന സ്വാതന്ത്ര്യങ്ങൾ എന്തെല്ലാം?

12. ഓപ്പറേറ്റിംഗ് സിസ്റ്റം - വിശദമാക്കുക.

13. മലയാളത്തിന്റെ തനതായ ലിപി വ്യവസ്ഥയെ യൂണികോഡ് തിരിച്ചുകൊണ്ടുവന്നതെങ്ങനെ?

14. എന്താണ് ബൂലോകം?

15. മലയാളം ഡി.റ്റി.പി.യുടെ വികാസത്തിന് സിഡാക്ക് നൽകിയ സംഭാവനകൾ എന്തെല്ലാം?

16. ഇസ്കി പൂർവ്വഘട്ടത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

17. യൂണികോഡ് ഫോണ്ടുകൾ പരിചയപ്പെടുത്തുക.

18. വിക്കിഗ്രന്ഥശാലയുടെ ലക്ഷ്യമെന്ത്?

19. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് എന്ന കൂട്ടായ്മയുടെ പ്രവർത്തനമേഖലയേത്?

20. ബ്ലൂക്ക് (blook) എന്നാലെന്ത്?

21. അനലോഗ് കമ്പ്യൂട്ടറിന്റെ സവിശേഷതകളെന്തെല്ലാം?

gcwcentrallibrary.in

22. തിരമൊഴിയുടെ സവിശേഷതകളെന്ത്?

23. എന്താണ് സൈബർ പങ്ക് (Cyber Punk)?

24. മലയാളത്തിലെ പ്രധാന ലിപ്യന്തരണ (transliteration) സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുക.

25. എന്താണ് ഭാഷാസാങ്കേതികവിദ്യ? സവിശേഷതകൾ പരിശോധിക്കുക.

26. വെബ്പോർട്ടലുകളുടെ പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. 'ബെയ്‌ലി അച്ചുകളുടെ സൗന്ദര്യാംശത്തിൽ കൂടുതൽ ആകൃഷ്ടനായപ്പോൾ ഗുണ്ടർട്ട് മലയാളത്തിന്റെ വർണ്ണഘടനയ്ക്ക് അനിവാര്യമായ ലിപികൾ അക്ഷരമാലയിൽ കൂട്ടിച്ചേർക്കാൻ ശ്രദ്ധിച്ചു' - പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

28. മലയാള ഭാഷാസാങ്കേതികതയിൽ അർത്ഥവത്തായ സംവാദങ്ങൾക്ക് തുടക്കം കുറിക്കാൻ രചന അക്ഷരവേദിക്ക് സാധിച്ചുവെന്ന് മഹേഷ് മംഗലാട്ട് അഭിപ്രായപ്പെടാനുള്ള കാരണമെന്ത്?

29. ഇ-സാഹിത്യത്തിന്റെ കാലികതയും സാധ്യതകളും പരിശോധിക്കുക.

30. ടൈപ്പ്റൈറ്ററിന്റെ വരവിന്റെ ഭാഗമായുണ്ടായ 1971 ലെ ലിപിപരിഷ്കരണത്തിലെ പ്രധാന നിർദ്ദേശങ്ങളെന്തെല്ലാം?

31. സിറ്റിസെൻ ജേർണലിസത്തിന്റെ സാധ്യതകളെ നവമാധ്യമങ്ങൾ നവീകരിക്കുന്നതെങ്ങനെ?

32. മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ ബ്ലോഗുകൾ വഹിക്കുന്ന പങ്കെന്ത്?

33. സിഎംഎസ് പ്രസ് മലയാളം അച്ചടിയുടെ ചരിത്രത്തിലെ പ്രധാന അച്ചുകൂടമാകുന്നതെന്തുകൊണ്ട്?

34. സൈബർസാഹിത്യവും പ്രതീതിയാഥാർത്ഥ്യവും - കുറിപ്പ് തയ്യാറാക്കുക.

35. സമകാലികജീവിതത്തിന്റെ സവിശേഷതയാണ് ഇ-വായന - സമർത്ഥിക്കുക.

gcwcentrallibrary.in

36. നവമാധ്യമങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന ഗുരുതരവും പ്രതിലോമകരവുമായ പ്രശ്നങ്ങളെന്തെല്ലാം?

37. സൈബറിടത്തിലെ കവിതയുടെ സവിശേഷതകളെന്തെല്ലാം?

38. മലയാളത്തിലെ ആദ്യത്തെ സൈബർ കഥയായി 'കൊക്കരണി'യെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ഇന്റർനെറ്റിൽ മലയാളത്തിന്റെ സാന്നിധ്യം വിപുലപ്പെടുത്തുന്നതിന് യൂണികോഡും യൂണികോഡ് അധിഷ്ഠിത എഴുത്തുപകരണങ്ങളും വഹിച്ച പങ്ക് പരിശോധിക്കുക.

40. മലയാളം അച്ചടിയുടെ വളർച്ചയ്ക്ക് മിഷനറിമാർ നൽകിയ സംഭാവനകൾ വിലയിരുത്തുക.

41. ഒരു രാഷ്ട്രീയ പ്രചരണോപാധി എന്ന നിലയിൽ ഇന്ത്യയിൽ നവമാധ്യമങ്ങളുടെ ഇടപെടലുകൾ വിമർശനാത്മകമായി പരിശോധിക്കുക.

42. മലയാളകഥാസാഹിത്യത്തിൽ ഭാവുകത്വപരമായ മാറ്റം കൊണ്ടുവരാൻ സൈബർ വ്യവഹാരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ?

43. ഫേസ്ബുക്ക്, ട്വിറ്റർ പോലെയുള്ള മാധ്യമങ്ങളുടെ പ്രചാരണം ബ്ലോഗെഴുത്തിനെ ബാധിച്ചതെങ്ങനെ?

44. മലയാള ഭാഷാകമ്പ്യൂട്ടിങ്ങിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ വിലയിരുത്തുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in